ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അന്വേഷിക്കണമെന്നുണ്ടെങ്കിൽ അന്വേഷിക്കാം. അതിനൊരു വിരോധവുമില്ല. 732 ഏക്കർ എന്ന് നോട്ടിഫൈ ചെയ്തത് അത് മുഴുവൻ എടുക്കാനല്ല. ആ ഏരിയയിൽ നിന്ന് ആവശ്യമായ സ്ഥലമെടുക്കാനാണ്. അത് ഗവൺമെന്റിനുവേണ്ടി പറയാൻ ഞാൻ തയ്യാറാണ്. ആൾത്തമസം കുറഞ്ഞ ഭാഗം നോക്കി ആവശ്യമായ സ്ഥലമെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അന്വേഷിക്കണമെങ്കിൽ അത് അന്വേഷിക്കാം. പക്ഷേ കൃത്രിമമൊന്നുമില്ല.

III സബ്മിഷൻ

(1) കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ എത്തിയ റിയാസിന് ചികിത്സ ലഭിച്ചിട്ടില്ലെന്ന പരാതി

ശ്രീ. പി. സി. ജോർജ്: സർ, ഞാനൊരു അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ ആഗ്രഹിച്ച ഒരു കാര്യമാണ്. കോട്ടയം മെഡിക്കൽ കോളേജ് ഇപ്പോൾ എല്ലാ കാര്യത്തിലും പേരെടുത്തുകൊണ്ടിരിക്കുകയാണ്. രോഗികൾ ഇപ്പോൾ അവിടെ ചികിത്സയ്ക്ക് ചെന്നിട്ട് കാര്യമില്ല. ഇന്നലെ ഉച്ചയ്ക്ക് ഒന്നര മണിക്ക് അടൂർ സ്വദേശിയായ 12 വയസ്സുള്ള റിയാസിനെ തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽനിന്നും ആംബുലൻസിൽ വെന്റിലേറ്റർ സൗകര്യത്തോടുകൂടി കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിൽ എത്തിച്ചതാണ്. വെന്റിലേറ്ററിൽ കുട്ടി കിടക്കുന്നുവെന്ന് അങ്ങ് ഫോണിൽ വിളിച്ച് ആവശ്യപ്പെട്ടുവെന്നാണ് പത്രത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പ്രഗൽഭനാണെന്നാണല്ലോ അങ്ങ് പറയുന്നത്. വൈകുന്നേരം 6 മണിവരെ ആ കുഞ്ഞിനെ തിരിഞ്ഞു നോക്കാൻ ആരുമുണ്ടായിരുന്നില്ല. അങ്ങ് വിളിച്ചില്ലായിരുന്നെങ്കിൽ നേരത്തെ പരിശോധിക്കുമായിരുന്നോ എന്നുമെനിക്കറിയില്ല. ഇത് ആലോചിക്കേണ്ട ഒരു കാര്യമാണ്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ ചാർജ്ജുള്ള മന്ത്രി വിളിച്ചു പറഞ്ഞിട്ടുപോലും നാലര മണിക്കൂർ വെന്റിലേറ്ററിൽ കിടന്ന കുഞ്ഞിനെ തിരിഞ്ഞു നോക്കാൻ ആ മെഡിക്കൽ കോളേജിൽ ആരുമുണ്ടായിരുന്നില്ലെന്ന് പറഞ്ഞാൽ നടപടിയെടുക്കാൻ കഴിയില്ലേ? എന്തിന് നിങ്ങൾ ഈ കസേരയിൽ തുടരുന്നു? എനിക്ക് മനസ്സിലാകുന്നില്ല. കോട്ടയം മെഡിക്കൽ കോളേജിന്റെ പ്രത്യേകത, ശാമിയെന്ന കുട്ടിയെ നമുക്കറിയാമല്ലോ. ആ കുട്ടിയെ അവിടെ അഡ്മിറ്റ് ചെയ്തിട്ട് മരുന്നുമാറി കുത്തിവച്ച് ആ കുഞ്ഞിനെ കൊല്ലാൻ ശ്രമിച്ചു അവസാനം അവിടെ നിന്നും പുറത്താക്കി. പ്രൈവറ്റ് ആശുപത്രിയിൽ കൊണ്ടുപോയി പരിശോധിച്ചിട്ട് ഡോക്ടർമാർ ആ കുട്ടിയെ മനോരോഗിയാക്കി ആ കുട്ടിയെ കൊല്ലാൻ ശ്രമിച്ച ആശുപത്രിയാണ് കോട്ടയം മെഡിക്കൽ കോളേജ്. നിങ്ങളെന്തിന് ഭരിക്കുന്നു? ഇത്രമാത്രം ക്രൂരമായ പെരുമാറ്റം നടത്തുന്ന മെഡിക്കൽ കോളേജിൽ അടൂർ സ്വദേശിയായ റിയാസ് എന്ന 12 വയസ്സുകാരൻ വെന്റിലേറ്ററിൽ മരണം സംഭവിക്കും എന്ന നിലയിൽ ഒന്നര മണിക്ക് എത്തിച്ചിട്ടും 6 മണിവരെ തിരിഞ്ഞുനോക്കാൻ ഡോക്ടർമാരും അറ്റന്റർമാരും തയ്യാറായില്ലായെന്നു പറഞ്ഞാൽ, മനുഷ്യത്വം നിങ്ങൾ മറന്നുപോയോ? എന്തുകൊണ്ട് ഇത് അന്വേഷിക്കുന്നില്ല? എനിക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ കുറിച്ച് ഒരു പരാതിയുമില്ല. ഉള്ളവരിൽ ഭേദം

LIBRARY ARCHIVES Kerala Legislative Assembly

എന്ന അഭിപ്രായക്കാരനാണ് ഞാൻ. അങ്ങ് ചില കാര്യങ്ങളിൽ നല്ല തീരുമാനമെടുത്തിട്ടുണ്ടെന്നും എനിക്കറിയാം. പക്ഷെ ഒരു കാര്യമുണ്ട്. ഇത് ശരിയല്ല. അങ്ങ് ഇതിന് നടപടിയെടുക്കണം അന്വേഷണം വച്ചുകൊണ്ടിരുന്നിട്ട് കാര്യമില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഉചിതമായ തീരുമാനം സഭയിൽ പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് അത്യന്തം ദൗർഭാഗ്യകരമായ ഒരു സംഭവമാണ്. അങ്ങ് പറഞ്ഞ വികാരത്തെ ഞാൻ ഒട്ടും വൃണപ്പെടുത്താനാഗ്രഹിക്കുന്നില്ല. സാധാരണ ഗതിയിൽ ഒരു ആശുപത്രിയിൽ വരുന്നത്. അവിടെനിന്നും നല്ല ചികിത്സ കിട്ടാനാണ്. തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽനിന്ന് 12 വയസ്സുള്ള റിയാസെന്ന കുട്ടിയെ വെന്റിലേറ്റർ സൗകര്യത്തോടുകൂടിയാണ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുവരുന്നത്. അവിടെനിന്നും കുട്ടിയെ കൊണ്ടുവരുന്നതിനുമുമ്പ് മെഡിക്കൽ കോളേജിലെ സൂപ്രണ്ടിനോട് അവിടെ സൗകര്യങ്ങളുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടാണ് ആ കുട്ടിയെ ഇങ്ങോട്ട് മൂവ് ചെയ്യുന്നത്. എനിക്ക് ലഭിച്ച റിപ്പോർട്ടനുസരിച്ച് അവിടെ ജനറൽ സർജറി വിഭാഗത്തിലെ ഐ.സി.യു.-വിൽ പ്രവേശിപ്പിക്കണമോ, ന്യൂറോ സർജറി വിഭാഗത്തിലെ ഐ.സി.യു.-വിൽ പ്രവേശിപ്പിക്കണമോ, അതോ പീഡിയാട്രിക് വിഭാഗത്തിലെ ഐ.സി.യു.-വിൽ പ്രവേശിപ്പിക്കണമോയെന്നുള്ള തർക്കം ഉണ്ടായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് നമ്മുടെ മനഃസാക്ഷിയുടെ പ്രശ്നമാണ് കോട്ടയം മെഡിക്കൽ കോളേജിന് മാത്രമല്ല കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകൾക്കും ചികിത്സാസൗകര്യം കിട്ടേണ്ട പരമാവധി സൗകര്യം ചെയ്തുകൊടുക്കാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി ഒത്തിരി കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിന്റെ ഫലം ഉണ്ടാകാൻ പോകുന്നതേയുള്ളൂ. അതിന് ഡോക്ടർ കമ്മ്യൂണിറ്റിയുടെ പൂർണ്ണമായ സഹകരണമുണ്ടാകണം. അത് ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. നല്ലവരായ മഹാഭൂരിപക്ഷംവരുന്ന ഡോക്ടർമാർ ആ മൂവ്മെന്റിനോട് സഹകരിച്ചിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച കോട്ടയം മെഡിക്കൽ കോളേജിൽ മഞ്ഞപ്പിത്തബാധ വന്ന സന്ദർഭത്തിൽ 40 ലക്ഷംരൂപ വാട്ടർ അതോറിറ്റിയുടെ ഫണ്ടിൽനിന്നും എടുത്ത് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഞങ്ങൾ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി 6 കോടിരൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്. ഇനിയും എന്തെങ്കിലും ചോദിച്ചാൽ ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അതും ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് മനഃസാക്ഷിയുടെ പ്രശ്നമാണ്. ഗവൺമെന്റിന് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് മൂന്നുമണിക്ക് അവിടെ എത്തിച്ച രോഗിയെ ആറര മണിക്കാണ് അഡ്മിറ്റ് ചെയ്തത്; അത് ശരിയാണ്. എനിക്ക് ഒരു പ്രധാനപ്പെട്ട അഭ്യർത്ഥനയുണ്ട്. ഇതുപോലെ വരുന്ന അള്ളുകളോട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പോസിറ്റീവായി പ്രതികരിക്കാൻ കഴിയുന്ന മനുഷ്യത്വമുള്ള സമൂഹം ഉണ്ടാകണം. അവിടെ അനാവശ്യമായ തർക്കങ്ങൾ കൊണ്ടുവന്ന് രോഗികളുടെ ജീവനെ പന്താടുന്ന അന്തരീക്ഷത്തിലേക്ക് പോകരുത്. ഡോക്ടർമാർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഗവൺമെന്റ് ഒരുക്കമാണ്. ചില സന്ദർഭങ്ങളിൽ ട്രാൻസ്ഫറിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചുള്ള തർക്കങ്ങൾ അവർ പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് സ്ട്രിക്റ്റ് നോംസ് അനുസരിച്ച് മാത്രമേ പോകുകയുള്ളൂ. ഈ ഗവൺമെന്റ് അവർക്കാവശ്യമായ വിധത്തിലുള്ള സൗകര്യങ്ങൾ എല്ലാം ചെയ്തുകൊടുക്കും; അതോടൊപ്പം ഈ സമൂഹം അവരിൽനിന്ന് പ്രതീക്ഷിക്കുന്ന സഹായങ്ങൾ അവരും ചെയ്തുകൊടുക്കണം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര അന്വേഷണം നടത്താൻ തീരുമാനമെടുത്തിരിക്കുകയാണ്. ഒരു ഭിഷഗ്വരനായ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ അഡീഷണൽ സെക്രട്ടറി ഡോക്ടർ രാജൻ ഖൊബ്രഗഡെയോട് ഇക്കാര്യത്തെക്കുറിച്ച് അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടൻ ഗവൺമെന്റ് ഉചിതമായ നടപടികൾ എടുക്കുന്നതാണ്. ഇതിനോട് ഡോക്ടർ കമ്മ്യൂണിറ്റിയിലുള്ള നല്ലവരായ മുഴുവൻ ആളുകളും സഹകരിക്കണമെന്നാണ് ഗവൺമെന്റിന്റെ അഭ്യർത്ഥന. സാധാരണഗതിയിൽ ഇതിനകത്ത് ധാരാളം ട്രേഡ് യൂണിയനിസം വരും. യാതൊരു കാരണവശാലും ഇതുപോലുള്ള മനുഷ്യത്വരഹിതമായ കാര്യത്തിൽ ചേരിതിരിവ് ഉണ്ടാകരുത്. ഇക്കാര്യത്തിൽ എല്ലാവരും ഒരുമിച്ച് നിൽക്കണം. ഗവൺമെന്റ് നിശ്ചയമായും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) തൃക്കരിപ്പൂർ മണ്ഡലത്തിലെ ഏഴിമല-ബാംഗ്ലൂർ പാതയുടെ തുടർച്ചയായി കർണ്ണാടക സംസ്ഥാനത്തിലെ തലക്കാവേരി-ബാംഗ്ലൂർ റോഡ്കൂടി പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: സർ, തൃക്കരിപ്പൂർ-പയ്യന്നൂർ നിയോജകമണ്ഡലങ്ങളിൽ ഏതാണ്ട് 15-ഓളം പഞ്ചായത്തുകളിൽനിന്ന് 100 കിലോമീറ്റർ ദൂരം കുറഞ്ഞ് ബാംഗ്ലൂരിൽ എത്തിച്ചേരാൻ കഴിയുന്ന പയ്യന്നൂർ നാവിക അക്കാഡമി പുളിങ്ങോത്ത്-തലക്കാവേരി-ബാംഗ്ലൂർ പാതയുടെ പ്രധാന ഭാഗമായ കേരളത്തിലെ പുളിങ്ങോത്ത് പാലവും അനുബന്ധ റോഡും നിർമ്മിക്കാൻ സി.ആർ.എഫ്.-ൽ നിന്ന് അഞ്ചര കോടി രൂപ ലഭ്യമായ സാഹചര്യത്തിൽ ഇത് പൂർത്തീകരിക്കാൻ കഴിയണമെങ്കിൽ കേരളാ അതിർത്തിയോട് തൊട്ടുള്ള കർണ്ണാടക അതിർത്തിയിൽ 18 കിലോമീറ്റർ ദൂരത്തിലുള്ള റോഡ് ഗതാഗതയോഗ്യമാക്കണം. ആ ഭാഗംകൂടി ഗതാഗതയോഗ്യമാക്കിയാൽ മാത്രമേ ഈ അന്തർസംസ്ഥാന പാത ഉപയോഗപ്പെടുത്താൻ കഴിയൂ. അതുകൊണ്ട് ഈ ഭാഗത്തെക്കൂടി ഗതാഗതയോഗ്യമാക്കാൻ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഇടപെടണമെന്നഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ പുളിങ്ങോത്ത് പാലവും അനുബന്ധ റോഡും അഞ്ചരക്കോടി രൂപ ചെലവഴിച്ച് പ്രവൃത്തി ആരംഭിക്കുകയാണ്. പുളിങ്ങോത്ത്-ഏഴിമല-ബാംഗ്ലൂർ അന്തർസംസ്ഥാന പാതയുടെ ഭാഗമായി കർണാടക സംസ്ഥാനത്തിലെ തലക്കാവേരി-ബാഗമണ്ഡലം-ബാംഗ്ലൂർ റോഡുകൂടി പൂർത്തിയാക്കി പ്രസ്തുത അന്തർസംസ്ഥാന പാത യാഥാർത്ഥ്യമാക്കുന്നതിന് കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി ഒരു കത്ത് ഇതിനകം അയച്ചുകഴിഞ്ഞിട്ടുണ്ട്. അത് ഇനി കർണാടക സർക്കാർ ഏറ്റെടുത്ത്, എത്രയുംപെട്ടെന്ന് ആ റോഡുകൂടി യാത്രായോഗ്യമാക്കുന്നതിനു വേണ്ടി സമ്മർദ്ദം ചെലുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly